| പതിമൂന്നാം കേരള നിയമസഭ | | | |
|---|---|---|---|
| പതിനഞ്ചാം സമ്മേളനം | | | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1114 | | 03.12.2015-ൽ മറുപടിക്ക് | |
| വി.എച്ച്.എസ്.ഇ ആകർഷണീയമാക്കാൻ പരിഷ്കാരങ്ങൾ | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.കെ.എൻ.എ.ഖാദർ | | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വി.എച്ച്.എസ്.ഇ വിഭാഗത്തിൽ വിദ്യാർത്ഥികൾക്കുള്ള സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്ന സാഹചര്യം നിലവിലുണ്ടോ; എങ്കിൽ എന്താണ് കാരണമെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഡെഫ് സ്കൂളുകളിലെ ഏതാനും സീറ്റുകളും, പത്തനംതിട്ട ജില്ലയിലെ ചില സ്കൂളുകളിൽ ഏതാനും സീറ്റുകളും ഒഴികെ മറ്റ് വിദ്യാലയങ്ങളിൽ സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നില്ല. |
| (ബി) | ഹയർ സെക്കണ്ടറി വിഭാഗത്തെ അപേക്ഷിച്ച് വി.എച്ച്.എസ്.ഇ വിഭാഗത്തിൽ ചേരുന്നതിന് വിദ്യാർത്ഥികൾക്കുള്ള താത്പര്യം കുറയുന്നതിന്റെ കാരണമെന്താണ്; | (ബി) | വി.എച്ച്.എസ്.ഇ.യിൽ ചേരുന്നതിന് വിദ്യാർത്ഥികൾക്ക് താൽപര്യം കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | കാലോചിതമല്ലാത്ത സിലബസ്സും കോഴ്സുകളുമാണ് ഈ മേഖലയിൽ വിദ്യാർത്ഥികൾക്കുള്ള താത്പര്യം കുറയ്ക്കുന്നതെന്ന് ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | സിലബസ്സും കോഴ്സുകളും 2015-16 അദ്ധ്യയനവർഷം മുതൽ പരിഷ്കരിച്ചിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്ത് വി.എച്ച്.എസ്.ഇ രംഗം ആകർഷണീയമായ വിദ്യാഭ്യാസ വിഭാഗമായി മാറ്റുന്ന തരത്തിൽ ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തുന്ന കാര്യം പരിഗണിക്കുമോ? | (ഡി) | വി.എച്ച്.എസ്.ഇ വിദ്യാഭ്യാസം ആകർഷണീയമാക്കുന്നതിന് സിലബസ്സും കോഴ്സുകളും 2015-16 അദ്ധ്യയന വർഷം മുതൽ പരിഷ്കരിച്ചിട്ടുണ്ട്. 2015-16 ൽ അദ്ധ്യയനവർഷത്തിലെ വിദ്യാർത്ഥി കേന്ദ്രീകൃത പദ്ധതി പ്രകാരം എം.ഗവേണൻസ്, സ്ത്രീശാക്തീകരണം, ക്ലാസ്സുകളിൽ കരിയർ സ്ലോട്ടുകൾ സ്ഥാപിക്കൽ, വിദ്യാർത്ഥികൾക്കായി കൗൺസിലിംഗ് ക്ലാസ്സുകൾ, വ്യവസായ സ്ഥാപനങ്ങളിലെ മേധാവികളുമായി മുഖാമുഖം പരിപാടി എന്നിവ നടത്തിക്കൊണ്ട് വി.എച്ച്.എസ്.ഇ രംഗം ആകർഷണീയമായ വിദ്യാഭ്യാസ വിഭാഗമായി മാറ്റുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

Vidyabhanu

**സെക്ഷൻ ഓഫീസർ**